**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3354. 22.08.2017 ൽ മറുപടിക്ക്

## സർക്കാർ വെബ് സൈറ്റുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എൻ. ഷംസുദ്ദീൻ**<br>**,, ടി. വി. ഇബ്രാഹിം**<br>**,, സി.മമ്മൂട്ടി**<br>**ഡോ.എം. കെ. മുനീർ :** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) സംസ്ഥാന സർക്കാരിനു കീഴിലെ വിവിധ വകുപ്പുകളുടെ വെബ് സൈറ്റുകളുടെ പ്രവർത്തന രീതിയിൽ ഐകരൂപ്യമില്ലെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; | (എ) ഓരോ വകുപ്പുകളും അതാത് വകുപ്പുകൾ നൽകുന്ന സേവനങ്ങൾക്കനുസൃതമായ വിധത്തിൽ വിവിധ ഏജൻസികൾ മുഖേനയാണ് വെബ്സൈറ്റുകൾ രൂപകല്പന ചെയ്യുന്നത്. എങ്കിലും വെബ്സൈറ്റുകളുടെ പൊതുവായുള്ള പ്രവർത്തനരീതിയിൽ കാര്യമായ വ്യത്യാസങ്ങൾ ഉണ്ടാകാറില്ല. |
| (ബി) വെബ് സൈറ്റുകൾ അപ്ഡേറ്റ് ചെയ്യാത്തതുമൂലം അതിലെ വിവരങ്ങളെ ആശ്രയിക്കുന്നവർ അബദ്ധത്തിൽപ്പെടുന്ന കാര്യം ശ്രദ്ധിക്കുമോ; | (ബി) വിവിധ വകുപ്പുകളുടെ വെബ്സൈറ്റുകൾ യഥാസമയം അതാത് വകുപ്പുകൾ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നിർദ്ദേശം എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും നൽകിയിട്ടുണ്ട്. |
| (സി) സർക്കാർ സ്ഥാപനങ്ങളുടെയെല്ലാം വെബ് സൈറ്റുകൾക്ക് ഐകരൂപ്യം വരുത്താനും വിവരങ്ങൾ കൃത്യമായി അപ്ഡേറ്റ് ചെയ്യുവാനും നടപടി സ്വീകരിക്കുമോ? | (സി) സർക്കാർ സ്ഥാപനങ്ങളുടെയെല്ലാം വെബ് സൈറ്റുകൾക്ക് ഐകരൂപ്യം വരുത്തുവാൻ കേന്ദ്ര സർക്കാർ Guidelines for Indian Government Websites (G I GW) എന്ന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയ്ക്കനുസൃതമായി വെബ്സൈറ്റുകൾ രൂപകല്പന ചെയ്യുവാൻ വേണ്ട നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ വെബ് സൈറ്റുകൾ യഥാസമയം അപ്ഡേറ്റ് ചെയ്യുന്നതിന് വേണ്ടി അതാത് വകുപ്പുകൾക്ക് കീഴിൽ ഒരു കണ്ടന്റ് മാനേജ്മെന്റ് ടീം (CMT) രൂപീകരിക്കുവാനും അതുവഴി വിവരങ്ങൾ കൃത്യമായി അപ്ഡേറ്റു ചെയ്യുവാനും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ